(ബി) ഇങ്ങനെ ലഭിച്ച നിവേദനങ്ങളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പുതിയ എത്ര കെ.എസ്.ആർ.ടി.സി. ബസ്സ് റൂട്ടുകൾ മണ്ഡലത്തിൽ അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇങ്ങനെ അനുവദിച്ച ബസ്സ് സർവ്വീസ് ആരംഭിക്കുവാൻ താമസം നേരിടാനുണ്ടായ കാരണം വിശദമാക്കുമോ?

ഉത്തരം

(എ) 6 നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(ബി) പുതുതായി രണ്ടു സർവ്വീസുകൾ അനുവദിച്ചു.

(സി) പുതുതായി രണ്ട് സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ വടകര-തൊട്ടിൽപ്പാലം എന്നീ ഡിപ്പോകളിൽ നിന്നുള്ള സർവ്വീസുകളിൽ ഒരു ട്രിപ്പെങ്കിലും പേരാമ്പ്ര മണ്ഡലത്തിലൂടെയാണ് ഓപ്പറേറ്റ് ചെയ്യുന്നത്.

(ഡി) ബസ്സിന്റെയും ജീവനക്കാരുടെയും അപര്യാപ്തത മൂലമാണ് താമസം നേരിട്ടത്.

78 (1810) ബസ്സ് സർവ്വീസ് പുനരാരംഭിക്കാൻ നടപടി

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഴക്കേകോട്ട നിന്നും പരുത്തിപ്പാറ വഴി മുട്ടടക്കും തിരിച്ചുമുള്ള സിറ്റി സർവ്വീസ് നിർത്തലാക്കിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സർവ്വീസ് പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പരുത്തിപ്പാറ ജംഗ്ഷനിൽ ഒരു വെയിറ്റിംഗ് ഷെഡ് ഇല്ലാത്തതിനാൽ യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാകുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അവിടെ ഒരു വെയിറ്റിംഗ് ഷെഡ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരുത്തിപ്പാറ-മുട്ടട-അമ്പലമുക്ക് റോഡിന്റെ അറ്റകുറ്റപ്പണി പൂർത്തിയായ മുറയ്ക്ക് ബസ്സിന്റെയും ജീവനക്കാരുടെയും ലഭ്യതയ്ക്കു വിധേയമായി സർവ്വീസ് പുനരാരംഭിക്കുന്നതാണ്. കിഴക്കേകോട്ട-പട്ടം-മരപ്പാലം-മുട്ടട സർവ്വീസ് നിലവിലുണ്ട്.

(സി) ഉണ്ട്.

(ഡി) ഇപ്പോൾ വഴിയോര വെയിറ്റിംഗ് ഷെഡ്ഡുകൾ കെ.എസ്.ആർ.ടി.സി. നിർമ്മിച്ചു നൽകാറില്ല.

LIBRARY ARCHIVES Kerala Legislative Assembly